## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1792      11-02-2013- ൽ മറുപടിയ്ക്ക്

### ഗ്രാമപഞ്ചായത്തുകളിലെ പൊതു ശ്മശാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | നിലവിൽ പൊതു ശ്മശാനങ്ങൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ, ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഓരോ ഗ്രാമപഞ്ചായത്തിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് 12-ാം പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2008-2009 സാമ്പത്തിക വർഷം മുതൽ പൊതുശ്മശാന നിർമ്മാണത്തിനുവേണ്ടി തെരഞ്ഞെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | നടപ്പു സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഇതിനായി ഫണ്ട് അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ, എത്ര; | (ബി) & (സി) | 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും ധനസഹായം നൽകുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും ഒരു ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പൊതു ശ്മശാന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ